## പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2788 19.12.2012-ൽ മറുപടിയ്ക്ക്

### വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ ടൂറിസം മേഖലയിലേക്ക് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പ്രചരണപരമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;<br><br>(ബി) ഇതിനുവേണ്ടി കൂടുതൽ പദ്ധതികൾക്ക് അംഗീകാരം നൽകുമോ ? | (എ) & (ബി) വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി നിലവിൽ വകുപ്പ് വിവിധ പരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്. വേൾഡ് ട്രാവൽ മാർക്കറ്റ്-ലണ്ടൻ, ITB-ബെർലിൻ, Matka- ട്രാവൽ ഫെയർ, ഹെൽസിങ്കി, Otdykh-Leisure-മോസ്ക്കോ,FITUR-മാഡ്രിഡ്, BIT-മിലാൻ, അറേബ്യൻ ട്രാവൽ മാർട്ട്, ദുബായ് തുടങ്ങിയ ട്രാവൽ ട്രേഡ് ഫെയറുകളിൽ വകുപ്പ് ഈ വർഷം പങ്കെടുക്കുന്നുണ്ട്. കൂടാതെ ആസ്ട്രേലിയായിൽ ബ്രിസ്ബേൺ, പെർത്ത്, മെൽബൺ, സൗദി അറേബ്യയിലെ ജിദ്ദ, ദമാം, റിയാദ്, യൂറോപ്യൻ നഗരങ്ങളായ വാഴ്സ, ഫ്രാങ്ക്ഫർട്ട്, സ്റ്റുട്ട്ഗാർട്ട് തുടങ്ങിയ സ്ഥലങ്ങളിൽ കേരളത്തിൽ നിന്നുള്ള സംരംഭകരെ കൂടി ഉൾപ്പെടുത്തി റോഡ് ഷോകൾ സംഘടിപ്പിക്കുകയു- |

ണ്ടായി. ബ്രസൽസ്, ലിയോൺ, റോം, ആംസ്റ്റർഡാം, ഡബ്ലിൻ, സുറിച്ച് തുടങ്ങിയ യൂറോപ്യൻ നഗരങ്ങളിൽ ഈ വർഷം റോഡ് ഷോകൾ നടത്താൻ വകുപ്പ് പദ്ധതി തയ്യാറാക്കി യിട്ടുണ്ട്.

ഇതു കൂടാതെ വിവിധ അച്ചടി, ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യ പ്രചരണം ഡിജിറ്റൽ മാധ്യമങ്ങളിലൂടെ യുള്ള വിപണന പരിപാടി തുടങ്ങിയവയും വകുപ്പിന്റെ പ്രചരണ പരിപാടികളുടെ ഭാഗമായി നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ